"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ (OBC) ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നിലവിലെ Socially and Educationally Backward Classes (SEBC) പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങളെക്കൂടി SEBC പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/BCDD തീയതി,തിരുവനന്തപുരം, 03-03-2026

പരാമർശം:-
1) 02.05.1966-ലെ സ.ഉ(അച്ചടി)നം.208/1966/Edn നമ്പർ ഉത്തരവ്.
2) 10.07.2024-ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ BCDIR/7/2021-B2 നമ്പർ കത്ത്.
3) 06.03.2025-ലെ സ.ഉ(സാധാ)നം.21/2025/BCDD നമ്പർ ഉത്തരവ്.
4). 25.08.2025-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം.

**ഉത്തരവ്**

സംസ്ഥാനത്തെ ഒ.ബി.സി (OBC) വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ സമുദായങ്ങൾക്ക് പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കുമാരപിള്ള - കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് Socially and Educationally Backward Classes (SEBC) പട്ടിക രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിന് ശേഷം സർക്കാർ സംസ്ഥാന ഒ.ബി.സി പട്ടികയിൽ വിവിധ സമുദായങ്ങളെ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ടെങ്കിലും, ടി സമുദായങ്ങൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സമുദായങ്ങളിൽ നിന്നും, ടി വിഭാഗങ്ങളെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിൽ നിരവധി അപേക്ഷകൾ ലഭിച്ചിരുന്നു. ഇതേ തുടർന്ന് ഈ വിഷയത്തിൽ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് തേടുകയുണ്ടായി. സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങൾ നിലവിലുണ്ടെന്നും, ടി സമുദായങ്ങളെ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കി.

3. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും, സംസ്ഥാന ഒ.ബി.സി പട്ടികയിൽ

ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സമുദായങ്ങൾ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാമൂഹ്യ സാഹചര്യത്തിലുള്ളവരാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പരാമർശം (3) പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ലഭ്യമാക്കിയ റിപ്പോർട്ടിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

- *"Classes which are included in the list of other backwardclasses and are not at present there in the list of socially and educationally backward classes can be included in the list of socially and educationally backward classes.*
- *There will not be any additional financial commitment inincluding the classes in the list of socially and educationally backward classes as stated above.*
- *Instead of maintaining two lists, one, the list of otherbackward classes and two, the list of socially and educationally backward classes, Government can maintain a single list known as the list of socially and educationally backward classes for reservation of appointments or posts in the services under the State and for providingother measures of advancement such as admission to educational institutions and for giving other educational concessions."*

4. സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ വിശദമായി പരിശോധിച്ചു. Kerala State and Subordinate Service Rules (KS&SSR)-ൽ "Other Backward Classes ഒ.ബി.സി പട്ടിക" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ സംസ്ഥാന ഒ.ബി.സി. ലിസ്റ്റും എസ്.ഇ.ബി.സി ലിസ്റ്റും ഏകീകരിച്ച് "The list of socially and educationally backward classes for reservation of appointments or posts in the services under the State and for providing other measures of advancement such as admission to educational institutions and for giving other educational concessions" എന്ന രീതിയിൽ പുതിയ പേര് നല്കുക പ്രായോഗികമല്ല എന്ന് വിലയിരുത്തി.

5. ഈ സാഹചര്യത്തിൽ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ചുവടെ ചേർത്തിട്ടുള്ള 28 സമുദായങ്ങളെ കൂടി സംസ്ഥാനത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>Castes to be  included in the State  SEBCList</u>

| Sl. No. | Sl. No. in the State OBC List | Castes to be included in the State SEBCList |
|---|---|---|

| | | |
|---|---|---|
| **I. Throughout the State** | | |
| 1 | 2 | Ambalakkaran |
| 2 | 2A | Anchunadu Vellalars |
| 3 | 13 | Moundadan Chetty, Edanadan Chetty |
| 4 | 13A | Dasa |
| 5 | 16 | Izhavan, Ishavan, Ezhavan, Ezhuva, Izhuva, Ishuva, Izhava, Illuva, Irava, Iruva |
| 6 | 18 | Ezhuthassan |
| 7 | 29A | Kammara |
| 8 | 30 | Kadachi Kollan |
| 9 | 32 | Kaniyar |
| 10 | 35 | Kongu Navithan, Vettuva Navithan and Aduthon |
| 11 | 35A | The Kongu Vellala Gounder including Vellala Gounder, Nattu Gounder, Pala Gounder, Poosari Gounder and Pala Vellala Gounder |
| 12 | 36 | Koteyar |
| 13 | 39A | Kumara Kshatriya |
| 14 | 41A | Kunnuvar Mannadi |
| 15 | 49A | Nadars included in SIUC |
| 16 | 49B | Naidu |
| 17 | 50A | Kodangi Naicken (in Ernakulam, Alappuzha, Kollam, |

| | | |
|---|---|---|
| | | Pathanamthitta districts of South Kerala) |
| 18 | 55A | Pooluva Gounder, Vettuva Gounder,<br><br>Padayachi Gounder, Kavaliya Gounder |
| 19 | 63 | Senai Thalavar, Elavaniar, Elavaniya |
| 20 | 64A | Thachar who are carpenters |
| 21 | 65 | Tholkollans |
| 22 | 67 | Vaduga, Vaduva, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans |
| 23 | 70 | Vanians |
| 24 | 73 | Yogis, Kurukkal/Gurukkal, Chettiar, Hindu Chetty, Pappada Chetty |
| 25 | 78 | Mahendra - Medara |
| II. In Malabar District | | |
| 26 | 4 | Vishavan |
| III. Throughout the State except Malabar District | | |
| 27 | 3 | Malayekandi |
| V. In Palakkad District | | |
| 28 | 1 | Saiva Vellala (Cherakula Vellala, Karkartha Vellala, Chozhiya Vellala, Pillai) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ എ കൗശിഗൻ ഐഎഎസ്

സെക്രട്ടറി

ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
ഡയറക്ടർ,പട്ടികജാതിവികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ,പട്ടികവർഗ്ഗവികസന വകുപ്പ്,തിരുവനന്തപുരം.
രജിസ്ട്രാർ,കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം.
പ്രവേശന പരീക്ഷ കമ്മീഷണർ, ഹൗസിങ് ബോർഡ് ബിൽഡിംഗ്,തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ,ഉന്നതവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വെബ്&ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, പാളയം,തിരുവനന്തപുരം 695033.
ഡയറക്ടർ, സാങ്കേതികവിദ്യാഭ്യാസവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കലാമണ്ഡലം, ചെറുതുരുത്തി, തൃശ്ശൂർ,679531.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യവകുപ്പ് (3403186/WW-WW1/21/2026-Fin)
നിയമവകുപ്പ്. (OPN- E235/2026/LAW)
ആരോഗ്യകുടുംബക്ഷേമ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നതവിദ്യാഭ്യാസ വകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്( 04.02.2026 ലെ ഇനം. നം.3617 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by
Niza A
Date: 04-03-2026 13:13:21

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-02-2026

ഫയൽ നം. എ2/46/2021/പിവിവിവ. ഇനം നം: 3617

വിഷയം : പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങളെ സംസ്ഥാന എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

3617

**കേരള സർക്കാർ**
**(പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എ 2/46/2021/പിവിവിവ |
| 2. | വകുപ്പ് | പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് |
| 3. | വിഷയം | സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ എസ്.ഇ.ബി. സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങളെ സംസ്ഥാന എസ്.ഇ. ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.01.2026. |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഉണ്ട്. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി വൽസല.എസ്.ഡി. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.എ.കൗശിഗൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2026. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക്. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.02.2026. |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.ഒ.ആർ.കേളു. |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.02.2026. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.02.2026. |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങളെ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വിവിധ സമുദായങ്ങളിൽ നിന്നും, ടി വിഭാഗങ്ങളെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായുള്ള എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷകൾ ലഭിച്ചിരുന്നു. ഇത് സംബന്ധിച്ച് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് തേടുകയും, സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 28 സമുദായങ്ങൾ നിലവിലുണ്ടെന്ന് അറിയിച്ചു. ഈ സാഹചര്യത്തിൽ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 28 സമുദായങ്ങളെ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയുമുണ്ടായി.

3) പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും, സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ നിലവിലെ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സമുദായങ്ങൾ എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാമൂഹ്യ സാഹചര്യത്തിലുള്ള-വരാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 06.03.2025-ലെ GO(Rt)No.21/2025/BCDD ഉത്തരവ് പ്രകാരം സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

4) സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"Commission arrives at the following conclusions to be conveyed to the Government:

1. Classes which are included in the list of other backward classes and are not at present there in the list of socially and educationally backward classes can be included in the list of socially and educationally backward classes.
2. There will not be any additional financial commitment in including the classes in the list of socially and educationally backward classes as stated above.
3. Instead of maintaining two lists, one, the list of other backward classes and two, the list of socially and educationally backward classes, Government can maintain a single list known as the list of socially and educationally backward classes for reservation of appointments or posts in the services under the State and for providing other measures of advancement such as admission to educational institutions and for giving other educational concessions."

5) സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം വിശദമായി പരിശോധിച്ചു. Kerala State and Subordinate Service Rules (KS&SSR)-ൽ "Other Backward Classes' ഒ.ബി.സി പട്ടിക" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഒ.ബി.സി. ലിസ്റ്റും എസ്.ഇ.ബി.സി ലിസ്റ്റും ഏകീകരിച്ച് "The list of socially and educationally backward classes for reservation of appointments or posts in the services under the State and for providing other measures of advancement such as admission to educational institutions and for giving other educational concessions" എന്ന രീതിയിൽ പുതിയ പേര് നല്കുക പ്രായോഗികമല്ല എന്ന് വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ എല്ലാ സമുദായങ്ങളെയും ഉൾപ്പെടുത്തി, ഒ.ബി.സി-എസ്.ഇ.ബി.സി പട്ടികകൾ ഏകീകരിക്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോയെന്നും നിലവിലുള്ള ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്താനാകുമോയെന്നും പരിശോധിക്കുകയുണ്ടായി.

6) സംസ്ഥാന OBC പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന SEBC പട്ടികയിൽ ഉൾപ്പെടാത്തതുമായ സമുദായങ്ങളോ, സമുദായങ്ങളുടെ ഉപവിഭാഗങ്ങളോ ആയി 28 വിഭാഗങ്ങളാണുള്ളതെന്നും ടി സമുദായങ്ങളെല്ലാം തന്നെ ജനസംഖ്യയിൽ വളരെ നാമമാത്ര വിഭാഗങ്ങളാണെന്നും ആയതിൽ തന്നെ വളരെ കുറവ് വിദ്യാർത്ഥികൾക്ക് മാത്രമാവും ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭ്യമാകുക എന്നും മാത്രമല്ല പൊതുവിഭാഗത്തിൽ പ്രവേശനം നേടുന്നവർക്കും SEBC വിഭാഗങ്ങൾക്കുള്ള അതേ മാനദണ്ഡങ്ങൾ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യത്തിൽ SEBC-യിൽ ഉൾപ്പെടാത്ത ഒ.ബി.സി വിഭാഗങ്ങൾക്ക് SEBC സംവരണം അനുവദിക്കുന്നത് കൊണ്ട് മാത്രം സർക്കാരിന് കാര്യമായ സാമ്പത്തിക ബാധ്യത ഉണ്ടാവില്ലായെന്നും,. ആയത് നിലവിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്താനാകുമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

7) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

8) പ്രസ്തുത വിശദാംശങ്ങൾ ഉൾപ്പെടുത്തി മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യ നിയമ വകുപ്പുകളുടെ അഭിപ്രായം ഉൾപ്പെടുത്തി കുറിപ്പ് പുന:സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായി.

9. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ നിലവിലെ SEBC പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സമുദായങ്ങളെ SEBC പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ധവകുപ്പിന് എതിർപ്പില്ലായെന്നും, ഈ വിഷയത്തിൽ നിയമവകുപ്പിന്റെ കൂടി അഭിപ്രായം ആരായേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

10) ഈ വിഷയത്തിൽ നിയമവകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 342A ചുവടെ പറയുന്നു:

"342A. Socially and educationally backward classes.- (1) The President may with respect to any State or Union territory, and where it is a State, after consultation with the Governor thereof, by public , specify 2[the socially and educationally backward classes in the Central List which

shall for the purposes of the Central Government] be deemed to be socially and educationally backward classes in relation to that State or Union territory, as the case may be.

(2) Parliament may by law include in or exclude from the Central List of socially and educationally backward classes specified in a notification issued under clause (1) any socially and educationally backward class, but save as aforesaid a notification issued under the said clause shall not be varied by any subsequent notification.]

3 [Explanation.- For the purposes of clauses (1) and (2), the expression Central List means the list of socially and educationally backward classes prepared and maintained by and for the Central Government.

(3) Notwithstanding any contained in clauses (1) and (2), every State or Union territory may, by law, prepare and maintain, for its own purposes, a list of socially and educationally backward classes, entries in which may be different from the Central List."

അനുച്ഛേദം 342A(3) പ്രകാരം ഓരോ സംസ്ഥാനത്തിനും കേന്ദ്രഭരണ പ്രദേശത്തിനും സ്വന്തം ആവശ്യങ്ങൾക്കായി, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും പരിപാലിക്കുകയും ചെയ്യാവുന്നതും അതിൽ കേന്ദ്ര ലിസ്റ്റിൽ നിന്നും വ്യത്യസ്തമായ എൻട്രികൾ ഉണ്ടായിരിക്കാവുന്നതുമാണ്. ആയതിനാൽ നിലവിൽ ഒബിസി ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ സംസ്ഥാന SEBC ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ വിഭാഗങ്ങളെ SEBC ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്, ഭരണഘടനയുടെ അനുച്ഛേദം 342A (3) പ്രകാരം, സർക്കാർ തലത്തിൽ യുക്തമായ തീരുമാനമെടുക്കാവുന്നതാണ്.

## തീരുമാനമെടുക്കേണ്ട വിഷയം

സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ Annexure-1-ലെ 28 സമുദായങ്ങളെക്കൂടി, വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്കായി സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണോ?

## Annexure I

# Castes included in State OBC List but not in SEBC List

I.Throughout the States

| Sl. No | Sl.No. in State OBCList | Name of Castes&Sub castes in State OBC List | Castes not included in SEBC List |
|---|---|---|---|
| 1 | 2. | Ambalakkaran | Ambalakkaran |
| 2 | 2A. | AnchunaduVellallars | AnchunaduVellallars |
| 3 | 13 | Chetty/Chetties (KottarChetties, ParakkaChetties, ElurChetties,AttingalChetties,PudukkadaChetties, IranielChetties, Sri PandaraChetties, Telugu Chetties, UdiyankulangaraChetties, PeroorkadaChetties, Sadhu Chetties,24 ManaiChetties, WayanadanChetties,KalavaraChetties and 24 Manai Telugu Chetties, Mountadan Chetties,EdanadanChetties) | MountadanChetties,Edanadanchetties |
| 4 | 13A | Dasa | Dasa |
| 5 | 16. | Ezhavas and Thiyyas<br>**(1)** Izhavan, Ishavan, Ezhavan<br>**(2)** Ezhuva, Izhuvz, Ishuvz<br>**(3)** Izhuvzn, Ishuvan, Ezhuvan<br>**(4)** Izhava, Izhavan, Ishavan<br>**(5)** Illuva<br>**(6)** Illuvan<br>**(7)** Irava<br>**(8)** Iruva<br>(9) Ezhavas and Thiyyas | Izhavan,Ishavan,Ezhavan,Ezhuva, Izhuva, Ishuva, Ezhavan, Izhava, Izhavan, Illuva, Irava, Iruva |
| 6 | 18 | Ezhuthachan, Kadupattan, Ezhuthassan | Ezhuthassan |
| 7 | 29A | Kammara | Kammara |
| 8 | 30. | Viswakarmas including AsariChaptegra, Kallasari,Kalthachan, Kammala, Kamsala, Kannan, Karuvan, Kitaran, kollan, MalayalaKammala, Moosari, Pandikammala, Pandithattan, Perumkollan, Thachan, Thattan, Vilkurup, Villasan, Viswabrahmanan or Viswabrahmanar, Viswakamala, | KadachiKollan |

| | | | |
|---|---|---|---|
| | | PalisaPerumkollan and Kadachikollan | |
| 9 | 32 | Kanisu or KaniyarPanicker, Kani or Kaniyar (Ganaka) or Kanisan or Kamnan | Kaniyar |
| 10 | 35 | KonguNavithan, VettuvaNavithan and Aduthon | KonguNavithan,VettuvaNavithan and Aduthon |
| 11 | 35A. | The KonguVellalaGounder including VellalaGounder, NattuGounder, Pala Gounder, PoosanGounder,and Pala VellalaGounder | The KonguVellalaGounder including VellalaGounder,NattuGounder, Pala Gounder, PoosanGounder and PalaVellalaGounder |
| 12 | 36 | Koteyar | Koteyar |
| 13 | 39A | Kumara Kshatriya | Kumara Kshatriya |
| 14 | 41A. | KunnuvarMannadi | KunnuvarMannadi |
| 15 | 49A. | Nadars included in SIUC | Nadars in cluded in SIUC |
| 16 | 49B | Naidu | Naidu |
| 17 | 50A. | KodangiNaikkans | KodangiNaikkans |
| 18 | 55A | PooluvaGounder, VettuvaGounder, PadayachiGounder, KavaliyaGounder | PooluvaGounder, VettuvaGounder, PadayachiGounder, KavaliyaGounder |
| 19 | 63 | SenaiThalavar, Senaithalaiver, Elavaniar, Elavaniya, Elavania | SenaiThalavar, Elavaniar,Elavaniya |
| 20 | 64A. | Thachar who are carpenters | Thachar who are carpenters |
| 21 | 65. | Tholkollans | Tholkollans |
| 22 | 67. | Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans,Vadukars,Vadukas,Vadukans | Vaduga,Vaduva,Vadukar,,Vaduvans,Vadugans,Vadukars,Vadukas,Vadukans |
| 23 | 70. | Vanians (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan) | Vanians |
| 24 | 73 | Veerasaivas (Yogis,Yogeeswara, Poopandaram/Malapandaram, Jangam and Pandaram, kurukkal/Gurukkal, Chettiar, Hindu Chetty, Pappada Chetty | Yogis,kurukkal/Gurukkal, Chettiar, Hindu Chetty, Pappada Chetty |
| 25 | 78. | MahendraMedara | MahendraMedara |

| | | | |
|---|---|---|---|
| II.In Malabar District | | | |
| 26 | 4. | Vishavan | Vishavan |
| III.Throughout the State except MalabarDistrict | | | |
| 27 | 3. | Malayekandi | Malayakandi |
| V.In Palakkad District | | | |
| 28 | 1 | Saiva Vellala (CherakulaVellala, KarkarthaVellala, ChozhiyaVellala, Pillai) | Saiva Vellala (Cherakula Vellala,KarkarthaVellala, Chozhiya Vellala,Pillai) |